റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) ഉണ്ട്.

(ബി) റിപ്പോർട്ട് ഗവൺമെന്റ് അംഗീകരിച്ചിട്ടില്ല. പരിശോധനയിലാണ്.

(സി) നിലവിലുള്ള മാനദണ്ഡമനുസരിച്ച് ഒരു പുതിയ താലൂക്ക് രൂപീകരിക്കുവാൻ 600 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും. 4.5 മുതൽ 5ലക്ഷംവരെ ജനസംഖ്യയും വേണം.

വില്ലേജ് രൂപീകരിക്കുന്നതിനുള്ള മാനദണ്ഡം, പുനഃസംഘടനയ്ക്കുശേഷമുള്ള വില്ലേജിന്റെ വിസ്തീർണ്ണം 25 ചതുരശ്ര കിലോമീറ്ററും ജനസംഖ്യ 25000- ഉം ആയി നിശ്ചയിച്ചിട്ടുണ്ട്. ജനസംഖ്യയിൽ 10000 വർദ്ധനയുണ്ടെങ്കിൽ വിസ്തീർണ്ണത്തിൽ അനുപാതികമായി കുറയും, മറിച്ചും ആകാവുന്നതാണ്.

(ഡി) ജനസംഖ്യയും വിസ്തീർണ്ണവുമാണ് പ്രധാന മാനദണ്ഡമായി സ്വീകരിച്ചിട്ടുള്ളത്. കൂടാതെ ഭൂമിശാസ്ത്രപരമായ പിന്നോക്കാവസ്ഥയും പരിഗണിക്കാറുണ്ട്.

16 (*136) വ്യവസായനയം പ്രഖ്യാപിച്ചതിനുശേഷമുള്ള പുരോഗതി

ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. സി.എഫ്. തോമസ് :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായനയം പ്രഖ്യാപിച്ചതിനുശേഷം വ്യാവസായിക മേഖലയിലുണ്ടായ പുരോഗതി എത്രയാണെന്ന് വിശദമാക്കുമോ;

(ബി) വൈദ്യുതി ചാർജ്ജ് വർദ്ധനവുമൂലം സംസ്ഥാനത്തെ പൊതുമേഖലാസ്ഥാപനങ്ങൾ പ്രതിസന്ധിയിലാകുമോയെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നറിയുമോ;

(ഡി) വ്യവസായനയം പുനഃപരിശോധിക്കണമെന്ന് ഏതെങ്കിലും തൊഴിലാളി സംഘടനകൾ ആവശ്യമുന്നയിച്ചിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) കിൻഫ്രയുടെ തിരുവനന്തപുരത്തുള്ള അപ്പാരൽ പാർക്കിലും കൊച്ചിയിലുള്ള കയറ്റുമതി വ്യവസായ പാർക്കിലും വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി വ്യവസായ സംരംഭകർ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ടെക്നോ പാർക്കിൽ ഇതിനുശേഷം 6 കമ്പനികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കേരള വ്യവസായ വികസന കോർപ്പറേഷൻ 904 കോടി രൂപ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന 43 പദ്ധതികൾക്ക് നിക്ഷേപാനുമതി നൽകിയിട്ടുണ്ട്. ഇവ പൂർത്തിയാകുമ്പോൾ ഏകദേശം 7000 ലേറെ പേർക്ക് നേരിട്ട്

LIBRARY ARCHIVES Kerala Legislative Assembly

തൊഴിൽ ലഭിക്കും. ഈ പദ്ധതികളെ സംബന്ധിച്ച വിശദവിവരം അനുബന്ധമായി നൽകിയിരുന്നു. †

(ബി) ഉണ്ട്

(സി) ഓരോ സ്ഥാപനത്തിന്റെ പ്രശ്നവും പ്രത്യേകമായി പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഉദിക്കുന്നില്ല.

17 (*137) കാലവർഷക്കെടുതി അനുഭവിക്കുന്നവർക്ക് ദുരിതാശ്വാസ നടപടികൾ

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :
ശ്രീ. പി.കെ.കെ. ബാവ :
ശ്രീ. സി. മോയിൻകുട്ടി :
ശ്രീ. എ.വി. അബ്ദുറഹിമാൻ ഹാജി :
ശ്രീ. കെ.പി.എ. മജീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷവും പ്രകൃതിക്ഷോഭവുംമൂലം ദുരുതമനുഭവിക്കുന്നവർക്കും വീട് നഷ്ടപ്പെട്ടവർക്കും ആശ്വാസമേകാൻ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇവർക്കുവേണ്ടി എത്ര ദുരിതാശ്വാസ കേന്ദ്രങ്ങൾ തുറന്നിട്ടുണ്ട്;

(സി) പ്രസ്തുത കേന്ദ്രങ്ങളിൽ ആഹാരവും, വസ്ത്രവും മരുന്നും നൽകാൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) വീട് നഷ്ടപ്പെട്ടവർക്ക് വീട് പണിയാൻ സഹായധനം നൽകുമോ;

(ഇ) ദുരിതമനുഭവിക്കുന്നവർക്ക് സൗജന്യറേഷൻ അനുവദിക്കുമോ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.ഇ. ഇസ്മയിൽ) :

(എ) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ എന്നീ ജില്ലകളിൽ ഏതാനും പ്രദേശങ്ങളിൽ കാലവർഷവും പ്രകൃതിക്ഷോഭവും മൂലം ദുരിതമനുഭവിക്കുന്നവർക്ക് ഒരാഴ്ച സൗജന്യറേഷൻ അനുവദിച്ചുനൽകി ഉത്തരവായിട്ടുണ്ട്. വീട് നഷ്ടപ്പെട്ടവരെ റിലീഫ് ക്യാമ്പുകളിൽ മാറ്റിപാർപ്പിക്കുകയും അവർക്ക് സൗജന്യ ആഹാരം, വൈദ്യസഹായം എന്നിവ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ആവശ്യമെന്നുകണ്ടാൽ വസ്ത്രം വാങ്ങി നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) 414

(സി) ആഹാരം, മരുന്ന് എന്നിവ നൽകിയിട്ടുണ്ട്. ആവശ്യമെന്നു കണ്ടാൽ വസ്ത്രം വാങ്ങി നൽകാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly